# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി
## 07.09.2016-ന് കൂടുന്ന മീറ്റിംഗ് അജണ്ട
## സമയം - ഉച്ചക്ക് 12 ന്
## സ്ഥലം. ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേംബർ

1. **പൊതുവിഷയങ്ങൾ**

**2. 2016-17 വാർഷിക പദ്ധതി രൂപീകരണത്തിന്റെ പുരോഗതി അവലോകനം**

1. ഗ്രാമപഞ്ചായത്തുകൾ, 2. ബ്ലോക്ക് പഞ്ചായത്തുകൾ
3.നഗരസഭകൾ 4. ജില്ലാ പഞ്ചായത്തുകൾ

3. പ്രത്യേക വിഷയങ്ങൾ

**3.1 കണമ്പ്ര ഗ്രാമപഞ്ചായത്ത് (ഫയൽനം. 368/ഡി.എ.2/16/തസ്വഭവ)**

പാലക്കാട് ജില്ലയിലെ കണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.സി യുവജനങ്ങൾക്ക് ബാന്റ് സെറ്റ്, ചെണ്ട തുടങ്ങിയ വാദ്യോപകരണങ്ങൾ, സ്പോർട്സ് കിറ്റ് എന്നിവ വാങ്ങി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനും, 2015-16 വർഷം നടപ്പിലാക്കിയതും 2016-17 സ്പിൽ ഓവറായി തുടരുന്നതിന് തീരുമാനിച്ചിട്ടുള്ളതുമായ എസ്.സി വിഭാഗങ്ങളിൽപ്പെടുന്ന ഡിഗ്രി കോഴ്സ് ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങുന്നതിന് അനുമതി നൽകണമെന്നും പഞ്ചായത്ത് അഭ്യർത്ഥിക്കുന്നു.

**3.2 മൂന്നാർ ഗ്രാമപഞ്ചായത്ത് (ഫയൽനം. 387/ഡി.എ.2/16/തസ്വഭവ)**

ഐ.ടി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടവർക്ക് ലാപ്പ്ടോപ്പ്, ഉന്നത വിദ്യാഭ്യാസത്തിനായി ധനസഹായം, വിവാഹ ധനസഹായം, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ എന്നിങ്ങനെ നിലവിൽ എസ്.സി വിഭാഗത്തിന് നല്കി വരുന്ന ആനുകൂല്യങ്ങൾ സമാനമായ ജീവിത നിലവാരത്തിലും സാമ്പത്തിക നിലയിലും ജീവിക്കുന്ന മറ്റ് വിഭാഗങ്ങൾക്കും ലഭ്യമാക്കുന്നതിനുള്ള അനുമതിയാണ് പഞ്ചായത്ത് അഭ്യർത്ഥിച്ചിട്ടുള്ളത്.

**3.3 ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത് ഡി.എ.2**

ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതി 2016-17 -ൽ ഉൾപ്പെടുത്തിയ 'പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും' എന്ന പ്രോജക്റ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി മൺപാത്ര നിർമ്മാണ തൊഴിലാളികളായ കുടുംബശ്രീ അംഗങ്ങൾ നിന്നും ഗ്രൂപ്പുകൾ രൂപീകരിച്ച് അവരിൽ നിന്നും ടെണ്ടർ കൂടാതെ 10 ഇഞ്ച് വലിപ്പത്തിലുള്ള ചട്ടികൾ 50% സബ്സിഡിയോടെ 70/- രൂപ (35 + ഗുണഭോക്തൃ വിഹിതം 35) നിരക്കിൽ നേരിട്ട് വാങ്ങി വിതരണം ചെയ്യുന്നതിനുള്ള അനുമതിയാണ് പഞ്ചായത്ത് അഭ്യർത്ഥിച്ചിട്ടുള്ളത്.

**3.4 കടമക്കുടി ഗ്രാമപഞ്ചായത്ത് (ഫയൽനം.378/ഡി.ഡി.2/16/തസ്വഭവ)**

വാസയോഗ്യമല്ലാത്ത സുരക്ഷിതമല്ലാത്ത പണിപൂർത്തീകരിക്കാത്ത ഭവനങ്ങളിൽ കഴിയുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നിലവിലെ സബ്സിഡി തുകയിൽ നിന്നും മുൻകാലങ്ങളിൽ നൽകിയ തുക കുറച്ചും, പൂർത്തിയാക്കാനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് എടുത്ത് സബ്സിഡി അനുവദിച്ചും വാസയോഗ്യമായ ഭവനങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതിയ്ക്ക് അനുമതി നല്കണമെന്ന് പഞ്ചായത്ത് അഭ്യർത്ഥിക്കുന്നു

**3.5 പുറത്തൂർ ഗ്രാമ പഞ്ചായത്ത് (ഫയൽനം.308/ഡി.എ.2/16/തസ്വഭവ)**

പൊതുവിഭാഗം ബി.പി.എൽ കുടുംബങ്ങളിലെ 8, 9, 10 ക്ലാസ്സുകളിലെ കുട്ടികൾക്ക് തനതു ഫണ്ട് ഉപയോഗിച്ച് സൈക്കിൾ വാങ്ങി നൽകുന്നതിന് പ്രത്യേക അനുമതി നല്കണമെന്ന് പഞ്ചായത്ത് അഭ്യർത്ഥിക്കുന്നു

**3.6 ജില്ലാ കേരളോത്സവം (ഫയൽനം.28/എഫ്.എം.2/16/തസ്വഭവ)**

എറണാകുളം, തൃശ്ശൂർ ജില്ലാ കേരളോത്സവം 2015 സംഘടിപ്പിക്കുന്നതിനായി യുവജനക്ഷേമ ബോർഡിൽ നിന്നും അനുവദിച്ച 2 ലക്ഷം രൂപയ്ക്കും, അതാത് ജില്ലാ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിച്ച 2 ലക്ഷം രൂപയ്ക്കും പുറമേ അധിക തുക ചെലവാകുകയുണ്ടായി. ഇത്തരത്തിൽ ഉണ്ടായതിനെ തുടർന്ന് കേരളോത്സവം സംഘടിപ്പിക്കുന്നതിന് ചെലവാക്കാവുന്ന ധനവിനിയോഗം സംബന്ധിച്ച് വ്യക്തമായ ഒരു മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കണമെന്ന് തീരുമാനിക്കുകയും, ഇക്കാര്യം സി.സി.യുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്യുന്നു.

**3.7 ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം.404/പി.എസ്2/16/തസ്വഭവ)**

(I) 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതും ആ വർഷം പൂർത്തീകരിക്കാൻ ബാക്കിയുള്ളതുമായ പദ്ധതികൾക്കുള്ള തുക ഓപ്പണിംഗ് ബാലൻസായി കണക്കാക്കി പദ്ധതികൾ തയ്യാറാക്കുന്നതിന് അനുമതി നൽകണമെന്ന് കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ അഭ്യർത്ഥിക്കുന്നു.

(ii) മാലിന്യ നിർമ്മാർജ്ജനത്തിന് 10% തുക മാറ്റി വയ്ക്കണമെന്ന തീരുമാനത്തിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇളവ് അനുവദിക്കണമെന്ന് കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ അഭ്യർത്ഥിക്കുന്നു.

(iii) പി.എം.എ.വൈ. ഭവന നിർമ്മാണ പദ്ധതിയിൽ ധനസഹായം അനുവദിക്കുന്നതിനുള്ള ഭൗതിക ലക്ഷ്യത്തേക്കാൾ കുറവാണ് എസ്.ഇ.സി.സി ലിസ്റ്റിലെ അർഹരായ ഗുണഭോക്താക്കളുടെ എണ്ണമെങ്കിൽ, എസ്.ഇ.സി.സി ലിസ്റ്റിലുള്ള അർഹതയുള്ളവരുടെ എണ്ണം എത്രയാണോ അത് ഭൗതിക ലക്ഷ്യമാക്കി കണക്കാക്കി തുക വകയിരുത്താൻ അനുമതി നൽകണമെന്നും, പി.എം.എ.വൈ. ഭവന നിർമ്മാണത്തിന് ജനറൽ വിഭാഗത്തിനായി വീട് അനുവദിക്കുന്നതിന് തീരുമാനമുണ്ടാകണമെന്നും കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ അഭ്യർത്ഥിക്കുന്നു.

(iv) ഡി.പി.സി.യിലേയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുള്ള തീരുമാനമുണ്ടാകണമെന്ന് കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ അഭ്യർത്ഥിക്കുന്നു.

**3.8 കേരള ലേബർ കോൺട്രാക്ട് സഹകരണസംഘം സംസ്ഥാന പ്രസിഡന്റിന്റെ 19.07.2016-ലെ കത്ത് (ഫയൽനം.308/ഡി.എ 1//16/തസ്വഭവ)**

കേരളത്തിലെ സഹകരണ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 13.11.1997-ലെ സ.ഉ.(എം.എസ്)135/97/co.op പ്രകാരം സഹകരണ വകുപ്പ് മുൻഗണനാ ആനുകൂല്യങ്ങൾ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ പങ്കെടുക്കുന്ന ടെണ്ടറുകളിൽ സംഘത്തേക്കാളും കുറഞ്ഞ നിരക്കിൽ സ്വകാര്യ കരാറുകാർ ക്വാട്ട് ചെയ്താൽ അതിനെക്കാൾ 10% കൂടിയ നിരക്കിൽ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാണോ എന്ന് ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളോട് നെഗോസിയേഷൻ ചോദിക്കണമെന്ന വ്യവസ്ഥയുണ്ട്. ടി വ്യവസ്ഥ 04.08.2013-ലെ 3497/DP1/2003/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഒഴിവാക്കുകയുണ്ടായി. പ്രസ്തുത സർക്കുലർ റദ്ദു ചെയ്യാനും അതുവഴി ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് 13.11.1997-ലെ സർക്കാർ ഉത്തരവ് പ്രകാരം ടെണ്ടർ സമയത്ത് ലഭിക്കുന്ന ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കണമെന്നതുമാണ് ആവശ്യം.

**3.9 കൂത്താട്ടുകുളം നഗരസഭ (ഫയൽ നം.136/എഫ്.എം.2/2016/തസ്വഭവ)**

കൂത്താട്ടുകുളം നഗരസഭയിൽ 2016 ഓണാഘോഷത്തോടനുബന്ധിച്ച് സെപ്റ്റംബർ 10 മുതൽ 18 വരെ കാർഷിക മേള, കന്നുകാലി പ്രദർശനം, സാംസ്കാരിക ഘോഷയാത്ര എന്നിവ നടത്തുന്നതിന് നഗരസഭയുടെ 2016-17 വാർഷിക പദ്ധതി പ്രകാരം നഗരസഭയുടെ തനത് ഫണ്ട് ഉപയോഗിച്ച് അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

**3.10 കുടുംബശ്രീ ഡയറക്ടറുടെ 30.04.2016-ലെ കത്ത് (ഫയൽ നം.205/ഐ.എ 1/2016/തസ്വഭവ)**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പദ്ധതികളുടെ പരിശീലന ഏജൻസിയായി കുടുംബശ്രീ സമർപ്പിച്ചിട്ടുള്ള 38 സ്കിൽ ട്രെയിനിംഗ് ഏജൻസികളെ പരിഗണിച്ച് സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകണമെന്നതാണ് ആവശ്യം,

**3.11 കുന്നത്തൂർ ഗ്രാമപഞ്ചായത്ത് (ഡി.എ 2)**

കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റെ ഐവർകാല നടുവിൽ 7ാം വാർഡിൽ പനംകുഴി ഭാഗത്ത് സ്ഥിര താമസമുള്ള 6 നിർദ്ധനരായ പട്ടികജാതി കുടുംബങ്ങൾക്ക് ഏക ആശ്രയം വാഹന ഗതാഗത യോഗ്യമല്ലാത്ത കോട്ടേകുന്നത്ത്-പനംകുഴി റോഡാണ്. 2016-17 ൽ ലഭ്യമായ പദ്ധതി വിഹിതം അനുസരിച്ച് പട്ടികജാതി കുടുംബങ്ങൾക്ക് റോഡ് നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ തനത് ഫണ്ടോ മറ്റ് ഏതെങ്കിലും തരത്തിലുള്ള ഫണ്ടോ ലഭ്യമല്ല. പട്ടികജാതി കുടുംബങ്ങളുടെ എണ്ണം 10 ഇല്ലാത്തതുകൊണ്ട് ആറ് പട്ടികജാതി കുടുംബം ഉള്ളത് 100%വും പട്ടിക ജാതി വിഭാഗക്കാർ മാത്രമായതുകൊണ്ടും എസ്.സി.പി ഫണ്ട് ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള അപേക്ഷ പ്രത്യേക കേസായി പരിഗണിച്ച് അനുമതി നൽകണമെന്നാണ് പഞ്ചായത്ത് അഭ്യർത്ഥിക്കുന്നത്.

**3.12 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 18.08.2016-ലെ കത്ത് (ഫയൽ നം.816291/ഡി.എ 1/2016/തസ്വഭവ)**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് ടാറിംഗ് പ്രവൃത്തികളിൽ 10% പ്രവൃത്തികളിൽ ടാറിനോടൊപ്പം shredded plastic കൂടി ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. സാങ്കേതികമായി 50 മൈക്രോണിന് മുകളിലുള്ളതും താഴെയുള്ളതും ഒരേ സ്വഭാവത്തിലാണ് ഉരുകുന്നതെന്നും, സൈസ് വ്യത്യാസം ഇല്ലാതെ തന്നെ ഉപയോഗിക്കുന്നതുകൊണ്ട് തകരാറൊന്നുമില്ല, എന്നതുകൊണ്ടും I RC Specification പ്രകാരമല്ലാത്ത dust ഉപയോഗിച്ച് ടാർ ചെയ്യുന്നതുകൊണ്ട് ഓഡിറ്റ് തടസ്സത്തിന് സാധ്യതയുള്ളതുകൊണ്ടും size വ്യത്യാസം ഇല്ലാതെ തന്നെ shredded plastic ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്നാണ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുന്നത്.

**3.13 മൊകേരി ഗ്രാമപഞ്ചായത്ത് (ഫയൽ നം.293/ഡി.എ 2/2016/തസ്വഭവ)**

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രധാന ചുമതലകളിൽപ്പെടുന്നതും മാലിന്യ നിർമ്മാർജ്ജനത്തിൽ വിശിഷ്യ പാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിൽ മാതൃകാപരമായും വിജയകരമായും നടപ്പിലാക്കി വരുന്ന ടി പഞ്ചായത്തിന്റെ സുസ്ഥിര പ്ലാസ്റ്റിക് മാലിന്യ പരിപാലന പദ്ധതിയിലെ സ്ത്രീ തൊഴിലാളികൾക്ക് തുടർന്ന് ഓണറേറിയം നൽകുന്നതിനുള്ള നിർദ്ദേശം ലഭിക്കുന്നതിന് അനുമതിയാണ് പഞ്ചായത്ത് അഭ്യർത്ഥിക്കുന്നത്.

**3.14 കുലശേഖരപുരം ഗ്രാമപഞ്ചായത്ത് (ഫയൽ നം.584/ഡി.സി1/2016/തസ്വഭവ)**

കുലശേഖരപുരം ഗ്രാമപഞ്ചായത്തിനെ പ്ലാസ്റ്റിക മാലിന്യ രഹിതമാകുന്നതിന് പ്രകൃതിശുദ്ധി എന്ന പേരിൽ പ്രോജക്ട് ഏറ്റെടുക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യം ഓരോ വാർഡിലും ശേഖരിക്കുന്നതിലേയ്ക്ക് തുക ഓണറേറിയം നൽകേണ്ടതായും ഇതിലേയ്ക്കായി പ്രത്യേക ക്യാരി ബാഗുകൾ വാങ്ങിച്ച് നൽകേണ്ടതായുമുണ്ട്.
പഞ്ചായത്ത് അഭിമുഖീകരിക്കുന്ന പ്രധാന സാമൂഹ്യ വിപത്തായ പ്ലാസ്റ്റിക് മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് പഞ്ചായത്ത് ഉദ്ദേശിക്കുന്നതിനാൽ 11.01.2016-ലെ സ.ഉ.(എം.എസ്)നമ്പർ4/2016/തസ്വഭവ ഉത്തരവ് പ്രകാരം പദ്ധതി മാർഗ നിർദ്ദേശങ്ങളിൽ കുടുംബശ്രീ അംഗങ്ങൾക്ക് ഓണറേറിയം നൽകുന്നതിനും ക്യാരിബാഗ് നൽകുന്നതിനും നിരക്കുകൾ നിശ്ചയിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ടി പ്രോജക്ടിന് അനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

ഓണാട്ടുകരയിൽപ്പെട്ട കുലശേഖരപുരം പഞ്ചായത്തിൽ പയറുവർഗ്ഗ കൃഷി നടത്തുന്നതിന്റെ ഭാഗമായി പഞ്ചായത്തിലെ കേരഗ്രാമസർവേ പ്രകാരം കണക്കാക്കിയ 90,000 തെങ്ങുകൾക്ക് 100 ഗ്രാം പയർ വിത്ത് വീതം നൽകി തെങ്ങുകളുടെ തടത്തിൽ വിതച്ച് പയറുൽപാദനവും ജൈവവള ഉൽപാദനവും നടത്തി മണ്ണിന്റെ ജൈവ സമ്പത്ത് വർദ്ധിപ്പിക്കാൻ ശ്രമിക്കുകയാണെന്നും ഇതിലേയ്ക്ക് ജനകീയാസൂത്രണ പദ്ധതിയിൽ 7,25,000 രൂപ വകയിരുത്തിയിരിക്കുകയാണെന്നും പഞ്ചായത്ത് അറിയിച്ചിരിക്കുന്നു.

ജനകീയാസൂത്രണ പദ്ധതി മാർഗരേഖപ്രകാരം 75% പദ്ധതി വിഹിതവും, 25% ഗുണഭോക്തൃ വിഹിതവുമാണ്. 9243 ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃ വിഹിതം ശേഖരിക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നും ജൈവ പഞ്ചായത്തിനു ലഭിച്ച അവാർഡ് തുകയിൽ നിന്നും ഗുണഭോക്തൃ വിഹിതം ചെലവഴിക്കാനും അനുമതി നൽകണമെന്ന് പഞ്ചായത്ത് അപേക്ഷിക്കുന്നു.

**3.15 ശ്രീ.സി.കൃഷ്ണൻ എം.എൽ.എയുടെ 20.08.2016-ലെ കത്ത് - പെരിങ്ങോം ആസ്ഥാനമായി അനുവദിച്ച ആർട്സ് &സയൻസ് കോളേജിന് പ്ലാൻ ഫണ്ട് ധനസഹായം സംബന്ധിച്ച് (ഡി.ബി)**

25.08.2016 നു നടന്ന കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ അജണ്ടയ്ക്കു പുറമെയായി (OA) ആയി ഈ വിഷയത്തിന്മേൽ തീരുമാനം മാറ്റി വച്ചിരുന്നു. കോളേജ് പ്രവർത്തനക്ഷമമാക്കുന്നതിന് ഫണ്ട് ലഭ്യത അനിവാര്യമായതിനാൽ ഇക്കാര്യം പരിശോധിക്കുന്നതിന് സമർപ്പിക്കുന്നു.

**3.16 കേരള മഹിള സമഖ്യ സൊസൈറ്റി സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ 27.07.2016-ലെ കത്ത് (ത.സ്വ.ഭ(ഡി.ഡി.) വകുപ്പ്)**

കേരള മഹിള സമഖ്യ സൊസൈറ്റി കേരള വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു പദ്ധതിയാണ്. സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി വിദ്യാഭ്യാസത്തിലൂടെ ശാക്തീകരണം എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കേരളത്തിൽ 8 ജില്ലകളിൽ തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിൽ മഹിള സമഖ്യ പദ്ധതി വഴി പ്രവർത്തനം നടത്തുന്നു പ്രസ്തുത സൊസൈറ്റിയുടെ, സ്ത്രീകളുടെയും, കുട്ടികളുടെയും മേഖലയിലും ഗോത്രവർഗ്ഗ വിഭാഗത്തിനോടൊപ്പവുമുള്ള പ്രവർത്തനം പരിഗണിച്ച്, സർക്കാർ തദ്ദേശസ്വയംഭരണ വകുപ്പ് വഴി നടപ്പിലാക്കി വരുന്ന സ്ത്രീകൾക്കുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഏജൻസിയായി പരിഗണിച്ച് മഹിള സമഖ്യ സൊസൈറ്റിയുടെ വൈദഗ്ധ്യം ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നതാണ് അപേക്ഷ.

**3.17 യൂണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് എം.ഡി.യുടെ അപേക്ഷ (ഡി.എ 3)**

25.08.2016 ന നടന്ന കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ഇത സംബന്ധിച്ച തീരുമാനം മാറ്റി വച്ചിരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ തെരുവുവിളക്കുകളുടെ വിതരണവും, പരിപാലനവും, കെൽട്രോൺ, യുണൈറ്റഡ് ഇലക്ട്രിക്കൽസ്, ക്രൂസ് എന്നീ സ്ഥാപനങ്ങൾക്കായി അനുവദിച്ച നൽകിയിരുന്നു.

ഈ സ്ഥാപനങ്ങൾ ഇലക്ട്രിക്കൽ ഉപകരണങ്ങൾക്ക് മാർക്കറ്റ് വിലയെക്കാൾ വില ഈടാക്കുന്നുവെന്നും,യഥാസമയം റിപ്പയർ ചെയ്യുന്നില്ലെന്നും പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 10.07.2016-ൽ നടന്ന കോഓർഡിനേഷൻ കമ്മിറ്റി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഇലക്ട്രിക്കൽ സാധനങ്ങൾ ടെണ്ടർ നടപടികളിലൂടെ വാങ്ങുന്നതിന് അനുവാദം നൽകിയും, വാങ്ങുന്ന സാധനങ്ങൾക്ക് ടെണ്ടർ വിളിക്കുമ്പോൾ performance guarantee ആവശ്യപ്പെടേണ്ടതും അതിന് അനുസരിച്ചുള്ള വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തേണ്ടതുമാണെന്നും ഇത്തരം സാധനങ്ങൾ Stock Register ൽ രേഖപ്പെടുത്തുമ്പോൾ performance guarantee യുടെ വിശദാംശങ്ങളും രേഖപ്പെടുത്തണമെന്നും തീരുമാനിച്ചു. ഈ തീരുമാനം കമ്പനിയുടെ നിലനിൽപിനെ ബാധിക്കുമെന്നതിനാൽ പ്രസ്തുത തീരുമാനം പുനഃപരിശോധിക്കണമെന്നും നിലവിലുണ്ടായിരുന്ന ഉത്തരവുകൾ നിലനിർത്തണമെന്നും യുണൈറ്റഡ് ഇലക്ട്രിക്കിന്റെ എം.ഡി. അഭ്യർത്ഥിച്ചിരിക്കുന്നു.